(ബി) ഇല്ല.

(സി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാം.

(ഡി) കെ.എസ്.ആർ.ടി.സി. എന്ന ചുരുക്കപദം കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കോപ്പി റൈറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തതായിട്ട് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് കോപ്പി റൈറ്റിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം 15-11-2014-ൽ ആണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക്, കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എം.ഡി. അയച്ച നൽകിയിട്ടുള്ളത്. കോപ്പി റൈറ്റിനും, ട്രേഡ് മാർക്കിനുമായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപേക്ഷിച്ചപ്പോൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ എതിർ കക്ഷിയാക്കിയിരുന്നില്ല. ഇപ്പോൾ അപ്പീൽ സമയപരിധിക്കുള്ളിൽ ആയതിനാൽ ടി വ്യവസ്ഥ പ്രകാരം വിശദാംശങ്ങൾ ശേഖരിച്ച് അപ്പീൽ ഫയൽ ചെയ്യുകഴിഞ്ഞു.

ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉല്പാദനവും വിപണനവും

16 (*316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉൽപാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) അനധികൃത ലഹരി വസ്തുക്കളുടെ ഉല്പാദനവും വിപണനവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും റെയ്ഡുകളും വാഹന പരിശോധന കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നതും അന്യസംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടു വരുന്നതും തടയുന്നതിനും വേണ്ടി ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും ജോലി ചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. ജില്ലാതലങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് യൂണിറ്റുകളും ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി നർക്കോട്ടിക് എൻഫോഴ്സ്മെന്റ് എക്സൈസ് സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തിപ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ എക്സൈസ് ഇന്റലിജൻസ് പ്രവർത്തനം ശക്തിപ്പെടുത്തുകയും നിലവിൽ പ്രവർത്തിക്കുന്ന ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ എക്സൈസ് റെയ്ഞ്ച്, സർക്കിൾ ഓഫീസുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ സ്പെക്കിംഗ് ഫോഴ്സ് ഇത്തരം പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിലേക്കായി പ്രവർത്തിച്ചു വരുന്നുമുണ്ട്. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾവഴിയും, സ്കൂളുകൾ കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) എല്ലാ മാസവും രണ്ടാമത്തെ പ്രവർത്തിദിനത്തിൽ ജില്ലാ അധികാരികളായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലകളിലെ എക്സൈസ് ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മാസാവലോകനം നടത്തിവരുന്നതോടൊപ്പം ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എല്ലാ മാസവും ഓഫീസർമാരുടെ ദ്വൈവാര കോൺഫറൻസ് വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്തി വരുന്നുമുണ്ട്. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ എല്ലാ മാസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് അതാത്

മേഖലയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുമുണ്ട്. എക്സൈസ് കമ്മീഷണർ സംസ്ഥാനത്തെ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എല്ലാ മാസവും സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യ് ടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ജില്ലകൾ സന്ദർശിച്ച് ജില്ലകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുകയും കൂടാതെ സർക്കാരിൽ വകുപ്പുമന്ത്രി തലത്തിൽ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുവരുന്നുമുണ്ട്.

(സി) ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എല്ലാ മാസവും മാസാവലോകനം നടത്തുകയും ജില്ലകളിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എല്ലാ മാസവും ദ്വൈവാര അവലോകന യോഗങ്ങൾ നടത്തുകയും ചെയ്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കാറുണ്ട്. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാ തലത്തിലും എക്സൈസ് കമ്മീഷണർ സംസ്ഥാന തലത്തിലും ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം, ഏകോപനം എന്നിവ നടത്തിവരുന്നു.

കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം

17 (*317) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ; നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി; മാപ്പ് തയ്യാറാക്കാൻ ചെലവ് വഹിക്കുന്നതാര് ; ആയതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly